## 5. ഇസ്‌ലാമിക പ്രബോധനം: മുഹ്മ്മദ്നബിക്കു ശേഷം

മുഹ്മ്മദ്നബിയുടെ വിടവാങ്ങൽ പ്രസംഗത്തിലെ ആഹ്വാനം ചെവിക്കൊണ്ട അനുചരന്മാർ ഇസ്‌ലാമിന്റെ സന്ദേശവുമായി ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്തിച്ചേരുകയുണ്ടായി. പടിഞ്ഞാറ് അറ്റ്‌ലാന്റിക് തീരം മുതൽ കിഴക്ക് ചൈന വരെ നബിയുടെ ശിഷ്യന്മാർ (സ്വഹാബികൾ) എത്തിയതായി ഇസ്‌ലാമിക പ്രബോധന ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും.

നബിതിരുമേനിയുടെ വിയോഗാനന്തരം ഖുലഫാഉർറാശിദുകളുടെ കാലത്ത് ആ ദൗത്യം മുറക്ക് നിർവഹിക്കപ്പെട്ടുകൊണ്ടിരുന്നു. പില്ക്കാലത്തും ആ പ്രവർത്തനം നൈരന്തര്യമില്ലാതെയാണെങ്കിലും നടക്കാതിരുന്നിട്ടില്ല. അതത് കാലത്തെയും അതത് നാട്ടിലെയും സാഹചര്യമനുസരിച്ച് ആ പ്രവർത്തനങ്ങൾ രൂപങ്ങളിലും നടപടികളിലും വ്യത്യസ്തമായിരുന്നെന്നുമാത്രം.

ഓരോ കാലത്തും ഉയർന്നുവന്ന  നവോത്ഥാന നായകന്മാർ നടത്തിയതും ഇസ്‌ലാമിക പ്രബോധനമായിരുന്നു. അവർ മുഖ്യമായും ഉന്നം വച്ചിരുന്നത്, ഇസ്‌ലാമികാദർശങ്ങളിൽനിന്ന് വ്യതിചലിക്കുന്ന മുസ്‌ലിം സമൂഹങ്ങളെ യഥാർഥ ഇസ്‌ലാമികാദർശങ്ങളിലേക്ക് പുനരാനയിക്കുന്നതിലായിരുന്നു. നബിതിരുമേനിയുടെ ദൗഹിത്രൻ ഹുസൈൻ, അബ്ദുല്ലാഹിബ്നുസ്സുബൈർ തുടങ്ങിയ ആദ്യകാല രാഷ്ട്രീയ വിപ്ലവകാരികൾ ഒരർഥത്തിൽ ഇസ്‌ലാമിക പ്രബോധകരുമായിരുന്നു. രാജവാഴ്ചയിലേക്ക് വഴുതിവീണ ഇസ്‌ലാമിക ഭരണക്രമത്തെ ഖിലാഫത് വ്യവസ്ഥയിലേക്കു തിരിച്ചുകൊണ്ടുവരണമെന്നതായിരുന്നു അവരുടെ പ്രബോധനം. സഈദുബ്നു ജുബൈർ, സഈദുബ്നുൽ മുസയ്യിബ്, സുലൈമാനുബ്നു യസാർ, ഉബൈദുല്ലാഹിബ്നു അബ്ദില്ലാഹിബ്നി ഉത്ബഃ, അബൂബക്രിബ്നു അബ്ദിർറഹ്മാനിബ്നി ഹാരിഥ്, ഖാസിമുബ്നു മുഹ്മ്മദിബ്നി അബീബക്ർ, സാലിമുബ്നു അബ്ദില്ലാഹിബ്നി ഉമർ തുടങ്ങിയ പണ്ഡിതന്മാരെല്ലാം മുസ്‌ലിം സമൂഹത്തിനകത്ത് പ്രബോധന ദൗത്യം നിർവഹിച്ചവരാണ്.

കർമശാസ്ത്ര മേഖലയിലെ പ്രബോധന പ്രസ്ഥാനമാണ് മദ്ഹബുകൾ. വിശ്വാസ കാര്യങ്ങളിലെ പ്രബോധക നായകന്മാരാകുന്നു അബുൽ ഹസനിൽ അശ്അരിയും മാതുരീദിയും. അവരുടെ പ്രബോധന പ്രസ്ഥാനങ്ങളാണ് അശ്അരീ മദ്ഹബും മാതുരീദീ മദ്ഹബും. തത്ത്വശാസ്ത്രരംഗത്തെ വ്യതിയാനങ്ങൾക്കെതിരെ സമുദായത്തെ പ്രബോധനം ചെയ്തവരാകുന്നു ഇമാം ഗസ്സാലി, ഇമാം ഇബ്നുതൈമിയ്യഃ തുടങ്ങിയ പൂർവ സൂരികളും ശൈഖ് ഹസനുൽ ബന്നാ, ശഹീദ് സയ്യിദ് ഖുത്ബ്, സയ്യിദ് അബുൽഅഅ്ലാ മൗദൂദി തുടങ്ങിയ ആധുനിക പണ്ഡിതന്മാരും. നവോത്ഥാന നായകരും അവരുടെ പ്രസ്ഥാനങ്ങളും ഊന്നിയിരുന്നത് നേരത്തെ സൂചിപ്പിച്ചതുപോലെ മുസ്‌ലിം സമുദായത്തെ കാലോചിതമായ രീതിയിൽ സംസ്കരിക്കുന്നതിലായിരുന്നു. ഇസ്‌ലാമിൽനിന്ന് തീരെ വിട്ടുപോയവരെയും അമുസ്‌ലിംകളെയും ഇസ്‌ലാമിലേക്ക് പ്രബോധനം ചെയ്യുകയായിരുന്നില്ല അവയുടെ മുഖ്യ ലക്ഷ്യം. ചില പ്രസ്ഥാനങ്ങൾ ഭാഗികമായി ആ ദൗത്യവും ഏറ്റെടുത്തിരുന്നുവെന്ന് മാത്രം. അമുസ്‌ലിംകളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക എന്ന അർഥത്തിലുള്ള പ്രബോധനം മുഖ്യമായും നടന്നിരുന്നത് അസംഘടിതമായിട്ടായിരുന്നു. പ്രബോധന തൽപരരായ വിശ്വാസികൾ, മുസ്‌ലിം വ്യാപാരികൾ, സഞ്ചാരികൾ, സൈനികർ, സൂഫിവര്യന്മാർ എന്നിവരിലൂടെയാണത് നടന്നിരുന്നത്. സൈനികമായ വിമോചന പ്രവർത്തനങ്ങൾ നടക്കാത്ത മധ്യേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ മുസ്‌ലിം രാജ്യങ്ങളിലും മറ്റു മുസ്‌ലിം ന്യൂനപക്ഷ രാജ്യങ്ങളിലും ഇസ്‌ലാം മതം പ്രചരിച്ചത് കച്ചവടക്കാരുടെയും സഞ്ചാരികളുടെയും സൂഫികളുടെയും പ്രവർത്തനഫലമായിട്ടാണ്.